**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3025.** **07.12.2018 ൽ മറുപടിയ്ക്ക്**

**ബ്രൂവറികളും ഡിസ്റ്റിലറികളും അനുവദിച്ചതിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ഡി.സതീശൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൂന്ന് ബ്രൂവറികളും രണ്ട് ഡിസ്റ്റിലറികളും അനുവദിച്ചതിൽ യാതൊരു ക്രമക്കേടും നടന്നിട്ടില്ലെന്ന് എക്സൈസ് വകുപ്പ് മന്ത്രി വ്യക്തമാക്കിയിട്ടും അത് റദ്ദ് ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | സമീപകാലത്ത് സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് കേരള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എല്ലാവരും യോജിച്ച് നിൽക്കേണ്ട ആവശ്യകത നിലനിൽക്കുമ്പോൾ ബ്രൂവറി, ബോട്ടിലിംഗ് യൂണിറ്റുകൾക്ക്, സാധാരണ ഗതിയിലുള്ള അനുമതി നൽകിയതിൽ അടിസ്ഥാന രഹിതമായ വിവാദങ്ങൾ ഉയർത്തി യോജിച്ച അന്തരീക്ഷം ഇല്ലാതാക്കാൻ ശ്രമം നടന്ന സാഹചര്യത്തിലാണ് അനുമതി റദ്ദു ചെയ്തത്. |
| (ബി) | പ്രസ്തുത തീരുമാനം റദ്ദ് ചെയ്തത് വ്യാപകമായ അഴിമതിയുടെ പശ്ചാത്തലത്തിലാണെന്ന ആക്ഷേപം പരിഗണനാവിധേയമാക്കിയിട്ടുണ്ടോ; | (ബി) | ആക്ഷേപം വസ്തുതാപരമല്ലാത്തതിനാൽ പരിശോധിച്ചിട്ടില്ല. |
| (സി) | ആരോപണങ്ങൾ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുമെന്ന വാദം എക്സൈസ് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഇക്കാര്യത്തിൽ എക്സൈസ് വകുപ്പ് പ്രത്യേക പരിശോധന നടത്തേണ്ട സാഹചര്യമില്ല. |

| | | | |
|---|---|---|---|
| (ഡി) | അഴിമതിയും സ്വജനപക്ഷപാത ആരോപണങ്ങളും ഉയരുമ്പോൾ പ്രസ്തുത തീരുമാനങ്ങൾ റദ്ദ് ചെയ്തുകൊണ്ടുള്ള നടപടി സർക്കാർ അംഗീകരിക്കുന്നുണ്ടോ; | (ഡി) യും (ഇ) യും | സംസ്ഥാനത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ എല്ലാവരും യോജിച്ചുനിൽക്കേണ്ട അവസരത്തിൽ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് വിവാദങ്ങൾ ഉയർത്തി യോജിച്ചുള്ള പ്രവർത്തനാന്തരീക്ഷം ഇല്ലാതാക്കുവാൻ ശ്രമം നടന്ന ഘട്ടത്തിൽ, പ്രസ്തുത സാഹചര്യം ഒഴിവാക്കുവാൻ ഉദ്ദേശിച്ചാണ് അനുമതികൾ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഇ) | കേരള ഹൈക്കോടതിയുടെ മുമ്പാകെ കേസ് നിലനിൽക്കുമ്പോൾ പ്രസ്തുത തീരുമാനങ്ങൾ പിൻവലിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**